ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ചികിത്സാ സഹായം നൽകുന്നതിനുള്ള വ്യവസ്ഥകളിൽ കാലാകാലങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകളിൽ ഉടൻ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) അടിയന്തര ഘട്ടങ്ങളിൽ അപേക്ഷ നൽകുന്നതിനുമുൻപ് സർജറിക്ക് വിധേയരാകേണ്ടിവരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. അപേക്ഷ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ സമർപ്പിച്ചതിനുശേഷം യഥാസമയം ചികിത്സാനുമതി ലഭിക്കുന്നതിനോ യുക ആശുപത്രിയിൽ എത്തുന്നതിനോ കാലതാമസം വരുന്ന കേസ്സുകളിൽ രോഗി കൈയ്യിൽനിന്നും ചികിത്സയ്ക്കായി ചെലവാക്കിയ യുകയ്ക്ക് ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന രേഖകളും ബില്ലുകളുമനുസരിച്ച് യുക റീ-ഇംബേഴ്സ്മെന്റായി നൽകി വരുന്നുണ്ട്. അടിയന്തര ശസ്ത്രക്രിയയും ചികിത്സയും ശേഷം സർക്കാരിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അടുത്ത സംസ്ഥാനതല കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർക്ക് നൽകുകയും അഡ്മിനിസ്ട്രേറ്റർ അപേക്ഷയുടെ പ്രാഥമിക പരിശോധനയും ഡോക്ടർമാർ ഉൾപ്പെട്ട സബ്കമ്മിറ്റിയുടെ പരിശോധനയും പൂർത്തിയാക്കി സംസ്ഥാനതല കമ്മറ്റിക്ക് സമർപ്പിക്കുകയും ചെയ്യുന്നു. സബ്കമ്മിറ്റിയുടെ ശിപാർശയിന്മേൽ സംസ്ഥാനതല കമ്മിറ്റി ഉചിതമായ തീരുമാനം കൈക്കൊണ്ടുവരുന്നു. അർഹരായ രോഗികൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാരുണ്യ ചികിത്സാ പദ്ധതി

128 (4710) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത്:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സാ പദ്ധതിയിലൂടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായത്തിനായുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടോ ; എങ്കിൽ മൊത്തം അപേക്ഷകൾ എത്ര ; ഓരോ ജില്ലയിലും എത്ര ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാരുണ്യ ചികിത്സാ പദ്ധതിയുടെ ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) അപേക്ഷകൾ കെട്ടിക്കിടക്കുന്ന അവസ്ഥ നിലവിലില്ല. 1-6-2015 മുതൽ 15-7-2015 വരെ ചികിത്സാ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ 849 അപേക്ഷകൾ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനായി അവശേഷിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	-	115
കൊല്ലം	-	113
പത്തനംതിട്ട	-	1
ആലപ്പുഴ	-	78
കോട്ടയം	-	130
ഇടുക്കി	-	25
എറണാകുളം	-	36
തൃശ്ശൂർ	-	112
പാലക്കാട്	-	10
മലപ്പുറം	-	19
കോഴിക്കോട്	-	129
വയനാട്	-	3
കണ്ണൂർ	-	64
കാസർഗോഡ്	-	14

(സി) കാരുണ്യ ചികിത്സാ പദ്ധതിയുടെ ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly